**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329** **01-02-2023 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യമുക്തമായ കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അമൃത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ 6 കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായി നിലവിൽ 19 പ്ലാന്റുകൾ (14 സ്വീവേജ് പ്ലാന്റുകളും 5 സെപ്റ്റേജ് പ്ലാന്റുകളും) സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. മറ്റ്പ്ലാന്റുകളുടെ നിർമ്മാണങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. 363.33 കോടി രൂപയാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രധാനമായും പരിഗണനയിലുള്ളത്; ദ്രവമാലിന്യ സംസ്കരണത്തിന് മുൻഗണന നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നഗര ജലഭദ്രത ഉറപ്പ് വരുത്തുക, ദ്രവമാലിന്യ സംസ്കരണം ഉറപ്പ് വരുത്തുക എന്നീ ലക്ഷ്യങ്ങളാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് കേരളത്തിലെ 93 നഗര തദ്ദേശ സ്ഥാപനങ്ങളിൽ ജല ഭദ്രത ഉറപ്പ് വരുത്തുന്നതിനും അമൃത് നഗരങ്ങളായ കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും 100% ദ്രവമാലിന്യ സംസ്കരണവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് അമൃത് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജല സ്രോതസുകളുടെ സംരക്ഷണം, ഉപരിതല ജലം -ജലാശയങ്ങളുടെയും, കിണറുകളുടെയും പുനരുജ്ജീവനം, ഭൂഗർഭ ജലം - അർബൻ അക്വിഫെർ മാനേജ്മെന്റ് പ്ലാൻ, ഹരിത പ്രദേശങ്ങളും പാർക്കുകളും സൃഷ്ടിക്കുക എന്നിവയും അമൃത് 2.0 ലക്ഷമിടുന്നു. 2021 ഒക്ടോബർ 1 മുതൽ 2026 മാർച്ച് 31 വരെയാണ് പദ്ധതിയുടെ കാലയളവ്. ആകെ പദ്ധതി തുക 3495.06 കോടി |

| | | | |
|---|---|---|---|
| | | | രൂപ. 3 ഘട്ടങ്ങളിലായാണ് പദ്ധതികൾക്ക് അനുമതി ലഭിക്കുന്നത്. ഒന്നാംഘട്ട പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിക്കുകയും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ഉടൻ തന്നെ ലഭ്യമാകും. മൂന്നാം ഘട്ട പദ്ധതികൾ 2023 ഒക്ടോബർ 31 നകം സമർപ്പിക്കുന്നതിനാണ് കേന്ദ്ര നഗരകാര്യ മന്ത്രാലയം നിർദ്ദേശം നല്കിയിരിക്കുന്നത്. |
| (സി) | എല്ലാ നഗരസഭകളേയും പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതി പ്രവർത്തനം സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് ഫലപ്രദമാക്കാൻ സംസ്ഥാനം അധിക വിഹിതം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അമൃത് 2.0 നഗരങ്ങളിലെ ജല ഭദ്രത എന്ന പദ്ധതി ഘടകത്തിൽ കേരളത്തിലെ എല്ലാ നഗരസഭകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക വിഹിതം നാളിതുവരെ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ